ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM

## പ്രധാനവാർത്തകൾ

DATE : 02.09.2026

1. അധ്യാപക നിയമനത്തിനുള്ള 18 പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് ശിപാർശ ചെയ്യാൻ മന്ത്രിസഭാ യോഗത്തിൽ തീരുമാനം. മയക്കുമരുന്ന് കേസുകളുടെ വിചാരണയ്ക്കായി 3 പുതിയ പ്രത്യേക കോടതികൾ സ്ഥാപിക്കാനും അനുമതി.
2. നാളികേര ഉത്പാദനം വർധിപ്പിക്കാൻ തെങ്ങിനെ പ്ലാന്റേഷൻ വിളയായി പരിഗണിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.
3. സുപ്രീംകോടതി നിർദേശ പ്രകാരം മുല്ലപ്പെരിയാർ സന്ദർശനത്തിനെത്തിയ സുരക്ഷാ പരിശോധന സമിതി ഇന്ന് തേക്കടിയിൽ യോഗം ചേരും.
4. അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന 'ബാല്യസ്പന്ദനം' പദ്ധതിക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കമാകും.
5. മനുഷ്യ വന്യജീവി സംഘർഷം പരിഹരിക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കാൻ വനം വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ന് തിരുവനന്തപുരത്ത് യോഗം.
6. ചൈന മാസ്റ്റേഴ്സ് സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് രണ്ടാം റൗണ്ടിലേക്ക് മുന്നേറി.

*******************************************

RNU TVPM

## പ്രധാനമന്ത്രി - ജൽ ശക്തി മന്ത്രാലയം

ജൽ ശക്തി മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ജനപങ്കാളിത്തത്തോടെയുള്ള ജലസംഭരണം - മഴവെള്ള സംഭരണം, കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത, ജൽ ജീവൻ മിഷൻ 2.0 എന്നീ പ്രധാന മേഖലകൾ കേന്ദ്രീകരിച്ചാണ് ഉച്ചകോടി സംഘടിപ്പിക്കുന്നത്.

*********************************

## മുഖ്യമന്ത്രി (ഇൻട്രോ)

ഈ വർഷം സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ കാലാവധി അവസാനിക്കുന്ന പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അധ്യാപക തസ്തികകളിലേക്കുള്ള 18 പി എസ് സി റാങ്ക് ലിസ്റ്റുകളുടെ കാലാവധി 6 മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് ശിപാർശ ചെയ്യുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാനത്തെ NDPS കേസുകളുടെ എണ്ണം വർദ്ധിച്ചതിനാൽ അത്തരം കേസുകളുടെ വിചാരണയ്ക്കായി പാലക്കാട്, മഞ്ചേരി, തൃശൂർ എന്നിവിടങ്ങളിൽ 3 പുതിയ പ്രത്യേക കോടതികൾ സ്ഥാപിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് മാധ്യമങ്ങളോട് മന്ത്രി സഭാ തീരുമാനങ്ങൾ വിശദീകരിക്കുകയായിരുന്നു അദ്ദേഹം. വെള്ളപ്പൊക്ക ദുരിതാശ്വാസ വിതരണവുമായി ബന്ധപ്പെട്ട പരിശോധനകൾ നടക്കുകയാണെന്നും, സഹായം ഈ ആഴ്ച തന്നെ വിതരണം ചെയ്തു തുടങ്ങുമെന്നും മുഖ്യമന്ത്രി ഉറപ്പുനൽകി.

(വോയിസ്)

*********************************

RNU TVPM

## നാളികേരദിനാഘോഷം - മുഖ്യമന്ത്രി

നാളികേര കൃഷിയിൽ കേരളം പിന്നിലേക്ക് പോയതിന്റെ കാരണം പഠനവിധേയമാക്കണമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഉത്പാദനം വർധിപ്പിക്കാൻ തെങ്ങിനെ പ്ലാന്റേഷൻ വിളയായി പരിഗണിക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ലോക നാളികേര ദിനത്തോടനുബന്ധിച്ച് ദേശീയതല ആഘോഷം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേന്ദ്ര സഹമന്ത്രി രാം നാഥ് ഠാക്കൂർ വിശിഷ്ടാതിഥിയായി. നാളികേര വികസന ബോർഡിന്റെ ദേശീയ നാളികേര അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്തു. "അനിശ്ചിതത്വത്തിന്റെ കാലത്തേ നാളികേരം: ഭക്ഷ്യ-ഊർജ സുരക്ഷയും ഉപജീവനമാർഗങ്ങളുടെ സംരക്ഷണവും" എന്നതാണ് ഈ വർഷത്തെ പ്രമേയം.
********************************

PNU TVPM

## ബാല്യസ്പന്ദനം

അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന 'ബാല്യസ്പന്ദനം' പദ്ധതിക്ക് സംസ്ഥാനത്ത് ഇന്ന് തുടക്കമാകും. തിരുവനന്തപുരം കൊടുങ്ങാനൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ മന്ത്രി ബിന്ദു കൃഷ്ണ ഉദ്ഘാടനം നിർവഹിക്കും. സംസ്ഥാനത്തെ 33,120 അങ്കണവാടികളിലൂടെ സേവനം ലഭിച്ചുവരുന്ന മുഴുവൻ കുട്ടികൾക്കും സമയബന്ധിതമായി ആരോഗ്യ പരിശോധന ഉറപ്പാക്കുകയും ആവശ്യമായ സാഹചര്യങ്ങളിൽ തുടർചികിത്സയും നിരീക്ഷണവും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് ഈ ത്രൈമാസ ആരോഗ്യ പദ്ധതിയുടെ പ്രധാന ലക്ഷ്യം.
********************************

## മുഖ്യമന്ത്രി പ്രിയദർശിനി

കെഎസ്ആർടിസിയുടെ പ്രിയദർശിനി സ്ത്രീ സൗജന്യ യാത്ര പദ്ധതിയെ തുടർന്ന് സ്വകാര്യ ബസ് മേഖലയിലുണ്ടായ പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച സമിതി സർക്കാരിന് റിപ്പോർട്ട് നൽകി. സ്വകാര്യ ബസ് മേഖലയെ സംരക്ഷിച്ചു മുന്നോട്ട് പോകാനുള്ള നിർദേശങ്ങൾ റിപ്പോർട്ടിലുണ്ടെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ പറഞ്ഞു. ഗതാഗത മന്ത്രി റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ തീരുമാനങ്ങൾ എടുക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.
********************************

## കിളിക്കൂട് ഭവന പദ്ധതി (ഇൻട്രോ)

പാലക്കാട് നിയോജക മണ്ഡലത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ഭവനമൊരുക്കുന്നതിനായി 'കിളിക്കൂട്' ഭവന പദ്ധതി ആരംഭിക്കുന്നു. പദ്ധതിയുടെ ഭാഗമായി പ്രതിവർഷം പത്ത് വീടുകൾ നിർമ്മിച്ച് നൽകാനാണ് ലക്ഷ്യമിടുന്നത്.
**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്...**

(വോയിസ്)

RNU TVPM

********************************

## മനുഷ്യ വന്യജീവി സംഘർഷം - യോഗം

വനാതിർത്തികളിലെ ജനവാസമേഖലകളിൽ മനുഷ്യ വന്യജീവി സംഘർഷങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്താൻ കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് വനം വന്യജീവി വകുപ്പിന്റെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് ഇന്ന് യോഗം ചേരും. മന്ത്രിമാരും, വനാതിർത്തി മണ്ഡലങ്ങളിലെ എംഎൽഎമാരും എംപിമാരും പങ്കെടുക്കുന്ന യോഗം മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

*********************************

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാറിൽ സന്ദർശനത്തിനെത്തിയ സുപ്രീംകോടതി നിയോഗിച്ച സമഗ്ര സുരക്ഷാ പരിശോധന സമിതി ഇന്ന് തേക്കടിയിൽ യോഗം ചേരും. മുല്ലപ്പെരിയാർ അണക്കെട്ടിന് ബലക്ഷയം സംബന്ധിച്ച് ആധുനിക സങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള സുരക്ഷാ പരിശോധന കൂടി നടത്തണമെന്ന് കേരളം വിദഗ്ദ്ധ സമിതിയോട് ആവശ്യപ്പെടും. നിലവിൽ നടക്കുന്ന പരിശോധനയിൽ കേരളത്തിന്റെ പ്രതിനിധികൾ ഇതിനോടകം വിയോജിപ്പ് അറിച്ചിട്ടുണ്ട്. അണക്കെട്ടിനെക്കുറിച്ചുള്ള ഇരു സംസ്ഥാനങ്ങളുടെ ആശങ്കകളും ആവശ്യങ്ങളും വിലയിരുത്തിയ ശേഷം വിദഗ്ദ പാനൽ റിപ്പോർട്ട് തയാറാക്കും.

*********************************

## വിദേശകാര്യ മന്ത്രി

പ്രളയം ദുരന്തം വിതച്ച നേപ്പാളിന് സാധ്യമായ എല്ലാ സഹായവും ഇന്ത്യ നൽകി വരുന്നതായി വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ. രക്ഷാ-ദുരിതാശ്വാസ സാമഗ്രികളുമായി ഇന്ത്യയിൽ നിന്ന് അഞ്ചാമത്തെ വിമാനം ഇന്ന് നേപ്പാളിലേക്ക് പുറപ്പെട്ടു. 5.5 ടൺ അവശ്യ മരുന്നുകളും, രക്ഷാ പ്രവർത്തനത്തിനുള്ള 11 അംഗ സംഘവുമാണ് വിമാനത്തിലുള്ളത്.

*********************************

## നേപ്പാൾ

നേപ്പാൾ പ്രളയത്തിൽ മരിച്ചവരെ തിരിച്ചറിയാൻ ഡിഎൻഎ പരിശോധന ആരംഭിച്ചു. 19 അംഗ ഇന്ത്യൻ ഫോറൻസിക് സംഘം ഉൾപ്പടെയുള്ളവർ നടപടിയുടെ ഭാഗമാണ്.

RNU TVPM

പ്രളയബാധിത മേഖലയിൽ നിന്ന് ഇതുവരെ 1,114 മൃതദേഹങ്ങളാണ് കണ്ടെടുത്തത്. നേപ്പാൾ പോലീസിന്റെ കണക്കനുസരിച്ച്, 583 വിദേശികളുൾപ്പെടെ 4,606 പേരെയാണ് കാണാതായിരിക്കുന്നത്.
*********************************

## കണ്ണൂർ - കാട്ടാന (ഇൻട്രോ)

കണ്ണൂർ ഇരിട്ടിക്കടുത്ത് അടയ്ക്കാത്തോടിൽ ജനവാസ മേഖലയിൽ കാട്ടാനയിറങ്ങികൃഷി നശിപ്പിച്ചു. പ്രദേശത്ത് വന്യമൃഗങ്ങൾ ഇറങ്ങുന്നത് ജനങ്ങളെ ഭീതിയിലാക്കിയിരിക്കുകയാണ്.
**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഓ ശശിധരൻ...**

(വോയിസ്)

RNU TVPM

*********************************

## ബാഡ്മിന്റൺ

ഷെൻഷെനിൽ നടക്കുന്ന ചൈന മാസ്റ്റേഴ്സ് സൂപ്പർ 750 ബാഡ്മിന്റൺ ടൂർണമെന്റ് പുരുഷ സിംഗിൾസിൽ ഇന്ത്യൻ താരം കിഡംബി ശ്രീകാന്ത് രണ്ടാം റൗണ്ടിലേക്ക് പ്രവേശിച്ചു. ചൈനീസ് താരത്തെ പരാജയപ്പെടുത്തിയാണ് ശ്രീകാന്തിന്റെ മുന്നേറ്റം. അതേസമയം ലക്ഷ്യ സെൻ, കനേഡിയൻ താരത്തോട് പരാജയപ്പെട്ട് ടൂർണമെന്റിൽ നിന്ന് പുറത്തായി. മിക്സഡ് ഡബിൾസിൽ ധ്രുവ് കപില-തനീഷ ക്രാസ്റ്റോ സഖ്യം അടുത്ത റൗണ്ടിലേക്ക് പ്രവേശിച്ചു.
*********************************

## ഓഹരി + സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. സെൻസെക്സ് 633 പോയിന്റ് ഇടിഞ്ഞ് 76,313 ലും നിഫ്റ്റി 225 പോയിന്റ് നഷ്ടത്തിൽ 23,831 ലും വ്യാപാരം തുടരുന്നു. സ്വർണ്ണവില കുറഞ്ഞു. പവന് 2,240 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,480 രൂപയും ഗ്രാമിന് 13,935 രൂപയുമാണ് ഇന്നത്തെ വില.
*********************************

## വ്യോമസേന മ്യൂസിയം

നവീകരിച്ച വ്യോമസേനാ മ്യൂസിയം തിരുവനന്തപുരത്തെ ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ദക്ഷിണ വ്യോമ കമാൻഡ് മേധാവി എയർ മാർഷൽ ജസ് വീർ സിങ് മാൻ ഉദ്ഘാടനം ചെയ്തു. വ്യോമസേനെ കുറിച്ചുള്ള അവബോധം കൂടുതലായി ജനങ്ങളിലേക്ക് എത്തിക്കുകയാണ് നവീകരിച്ച മ്യൂസിയത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് എയർ മാർഷൽ പറഞ്ഞു പറഞ്ഞു.
*********************************

RNU TVPM

## നാരങ്ങാനം ഗ്രാമപഞ്ചായത്ത്

പത്തനംതിട്ട നാരങ്ങാനം ഗ്രാമപഞ്ചായത്തിൽ പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ സിപിഎം പിന്തുണയോടെ കോൺഗ്രസ് സ്ഥാനാർത്ഥിക്ക് വിജയം. വി.പി മനോജ് കുമാറിനെ ആണ് പഞ്ചായത്ത് പ്രസിഡന്റായി തിരഞ്ഞെടുത്തത്. ഇതോടെ പഞ്ചായത്തിൽ യുഡിഎഫിന് ഭരണം ലഭിച്ചു. നേരത്തെ യുഡിഎഫ് കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തെ സിപിഎമ്മിലെ രണ്ട് അംഗങ്ങൾ പിന്തുണച്ചതോടെയാണ് ബിജെപിക്ക് പ്രസിഡന്റ് സ്ഥാനം നഷ്ടമായത്.
*********************************

## ചട്ടമ്പിസ്വാമി ജയന്തി

ശ്രീ വിദ്യാധിരാജ ചട്ടമ്പിസ്വാമികളുടെ 173-ാം ജയന്തി ആഘോഷം കൊല്ലം പന്മന ആശ്രമത്തിൽ N.K. പ്രേമചന്ദ്രൻ M.P. ഉദ്ഘാടനം ചെയ്തു. ജാതീയ വേർതിരിവ് ഉൾപ്പടെ സമൂഹത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളെ ശാസ്ത്രത്തിന്റെയും യുക്തിയുടെയും പിൻബലത്തോടെ നിരാകരിച്ച സാമൂഹ്യ പരിഷ്കർത്താവായിരുന്നു ചട്ടമ്പിസ്വാമികളെന്ന് അദ്ദേഹം പറഞ്ഞു.

*

************

*****************************************************

RNU TVPM